"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - വളാഞ്ചേരി നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് - മരണപ്പെട്ട രഞ്ജിത്ത് ജോസഫിന്റെ സഹോദരി കുമാരി രേഷ്മ ജോസഫ്- എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(കൈ) നം.83/2024/LSGD തീയതി,തിരുവനന്തപുരം, 01-07-2024

---

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
3. കുമാരി രേഷ്മ ജോസഫ് സമർപ്പിച്ച 28.07.2020 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 04.05.2023 തീയതിയിലെ LSGD/PD/8252/2023-DEF1 നമ്പർ കത്ത്.
5. 19.07.2023 ലെ ഇയു1/104/2023-തസ്വഭവ നമ്പർ കത്ത്
6. ആലപ്പുഴ ജില്ലാ കളക്ടറുടെ 02.05.2024 തീയതിയിലെ DCALP/8228/2023-A7 നമ്പർ കത്ത്.

ഉത്തരവ്

വളാഞ്ചേരി നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കവെ 10.11.2019 തീയതിയിൽ മരണപ്പെട്ട രഞ്ജിത്ത് ജോസഫിന്റെ സഹോദരി കുമാരി രേഷ്മ ജോസഫ്, കാര്യകോടത്ത്, പൊള്ളേത്തെ പി.ഒ, ആലപ്പുഴ - 688522 സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. രഞ്ജിത്ത് ജോസഫ് സർവീസിൽ പ്രവേശിച്ചതിനുശേഷം മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും അവധികാലയളവ് കഴിഞ്ഞും സർവീസിൽ പ്രവേശിക്കാതെയും അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാതെയും തുടർന്നു പോരവേ മരണമടയുകയും ചെയ്തിട്ടുള്ളതാണ്. ടിയാൻ റഗുലർ തസ്തികയിൽ നിയമനം ലഭിച്ച് സർവീസിൽ പ്രവേശിച്ചശേഷമാണ് അവധിയിൽ പ്രവേശിച്ചിട്ടുള്ളത്. അനധികൃതമായി ഹാജരാകാതെയിരുന്നെങ്കിലും ടിയാനെതിരെ നടപടി സ്വീകരിക്കുകയോ സർവീസിൽ നിന്നും പിരിച്ചു വിടുകയോ ചെയ്തിട്ടില്ലാത്തതുമാണ്. ആയതിനാൽ സർവീസിൽ തുടർന്നുവരവേ മരണമടഞ്ഞതായി മാത്രമേ പരിഗണിക്കാനാവൂ. ആയതിനാൽ ടിയാന്റെ ആശ്രിതർക്ക് ആശ്രിത നിയമനത്തിന് അർഹതയുണ്ട്. കൂടാതെ സർവീസ് റഗുലറൈസ് ചെയ്യാതെ രഞ്ജിത്ത് ജോസഫ് മരണമടഞ്ഞ സാഹചര്യത്തിൽ സേവന പുസ്തകത്തിലെ 11,12,13 എന്നീ കോളങ്ങൾ പൂരിപ്പിക്കുവാൻ സാധ്യമല്ലാത്തതിനാൽ ടിയാളുടെ നിയമന ഉത്തരവ് മറ്റ് സർവ്വീസ്

വിവരങ്ങൾ ആശ്രിത നിയമന നടപടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു സർവീസ് സർട്ടിഫിക്കറ്റ് തയ്യാറാക്കി ആശ്രിത നിയമന നടപടികളുമായി ബന്ധപ്പെട്ട വിവരങ്ങളും അതിൽ രേഖപ്പെടുത്തേണ്ടതുമാണ് എന്ന് പ്രിൻസിപ്പൽ ഡയറക്ടർക്ക് പരാമർശം 5 പ്രകാരം നിർദേശം നൽകിയിരുന്നു. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 18.08.1991, 19.09.2019 ആണ്. പ്രിൻസിപ്പൽ ഡയറക്ടറും ആലപ്പുഴ ജില്ലാ കളക്ടറും പരാമർശം 4,6 പ്രകാരം അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. കുമാരി രേഷ്മ ജോസഫ് 12-ാം ക്ലാസ്സ് വിജയിച്ചിട്ടുള്ളതും ടിയാരിയുടെ ജനന തീയതി 19.09.2003 എന്നതുമാണ്. ടിയാരി ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (28.07.2020) സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി രഞ്ജിത്ത് ജോസഫിന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് വളാഞ്ചേരി നഗരസഭാ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിത എന്ന നിലയിൽ കുമാരി രേഷ്മ ജോസഫിന് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. ടിയാരിയുടെ കുടുംബ വാർഷിക വരുമാനം 60,000/-രൂപയാണെന്ന് (അറുപതിനായിരം രൂപ മാത്രം) കലവൂർ വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ട്. കൂടാതെ പരാമർശം 2 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാരി സമർപ്പിച്ചിട്ടുണ്ട്. ടി സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനുള്ള സമ്മതപത്രം ടിയാരി ഹാജരാക്കിയിട്ടുണ്ട്. കുമാരി രേഷ്മ ജോസഫ് ആലപ്പുഴ ജില്ലയിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൻ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് വളാഞ്ചേരി നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കവെ 10.11.2019 തീയതിയിൽ മരണപ്പെട്ട രഞ്ജിത്ത് ജോസഫിന്റെ സഹോദരി കുമാരി രേഷ്മ ജോസഫ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ ടി ആശ്രിത നിയമനം ആ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാരിയെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANJALY DEVI A G
അണ്ടർ സെക്രട്ടറി

പകർപ്പ്:

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, വളാഞ്ചേരി നഗരസഭ

ജില്ലാ കളക്ടർ , ആലപ്പുഴ.

കുമാരി രേഷ്മ ജോസഫ്, കാര്യകോടത്ത്, പൊള്ളേത്തൈ പി.ഒ, ആലപ്പുഴ - 688522

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഐ&പി.ആർ.ഡി.(വെബ് &ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇയു1/104/2023-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 02-07-2024 10:30:30
സെക്ഷൻ ഓഫീസർ